# ചണ്ഡാലഭിക്ഷുകി

ൻ. കുമാരൻ ആശാൻ.

ബുക്ക്ഡിപ്പോ-തോന്നയ്ക്കൽ.

Digitized By Kerala Sahitya Akademi

# ചണ്ഡാലഭിക്ഷുകി

## ഒരു ഗാനകാവ്യം

എൻ. കുമാരൻ ആശാൻ

ശാരദാ ബുക്കഡിപ്പോ

തോന്നയ്ക്കൽ

വില 75 ന. പൈ.

Digitized By Kerala Sahitya Akademi

20-ാം പതിപ്പ്

കോപ്പി 5000

1958 ഏപ്രിൽ

അച്ചടി:-

**സഹോദരൻ പ്രസ്സ്**

എറണാകുളം

---

ഉടമസ്ഥരുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

# മുഖവുര

ഈയാണ്ടു ചിങ്ങത്തിൽ പ്രസിദ്ധീകരിച്ച 'ദുരവസ്ഥ'യുടെ സഹോദരിയായി അടിയിൽ കാണുന്ന മറെറാരു ഗാനാകൃതിയെ ഇത്ര വേഗത്തിൽ വായനക്കാരുടെ മുമ്പാകെ സമർപ്പിപ്പാൻ സാധിക്കുമാറായതിൽ സന്തോഷമുണ്ടു്. ബുദ്ധമതസംബന്ധമായ ഒരു പ്രാസംഗികവൃത്താന്തശകലമാകുന്നു ഇതിലെ കഥാവസ്തു. അതിനെ കാവ്യാനുകൂലമായ വിധത്തിൽ വിസ്തരിക്കുമ്പോൾ ചരിത്രസംബന്ധമായോ മതതത്ത്വവിഷയമായോ ഉള്ള പ്രമാദങ്ങൾ വരാതിരിപ്പാൻ പ്രത്യേകം ദൃഷ്ടിവച്ചിട്ടുണ്ടു്. കാവ്യത്തെ മൂലകഥാംശത്തോടു താരതമ്യപ്പെടുത്തിനോക്കാൻ കൗതുകമുള്ള വായനക്കാർ ഉണ്ടായിരിക്കാം. അതുകൊണ്ടു് പ്രൊഫസർ ലക്ഷ്മീനരസുവിന്റെ 'The Essence of Buddhism' എന്ന പുസ്തകത്തിൽ നിന്നു് ആ ഭാഗം മുഴുവൻ ഉദ്ധരിച്ചു ഇതോടു ചേർത്തിരിക്കുന്നു. *

തോന്നയ്ക്കൽ,
18—4—'98.

ഗ്രന്ഥകർത്താ

* "On one occasion, Ananda, one of the oldest disciples of Buddha, passing by a well where a girl of the Matanga caste was drawing water, asked her for some water to drink. She answered: "How dost thou ask water of me, an out-caste who may not touch thee without contamination?"

Digitized By Kerala Sahitya Akademi

Ananda replied, "My sister, I ask not of thy caste, I ask thee water to drink." The Chandala girl was overjoyed and gave Ananda water to drink. Ananda thanked her and went his way But the girl learning that he was a disciple of the blessed One repaired to the place where the Buddha was. The blessed One understanding her sentiments towards Ananda made use of them to open her eyes to the truth, and took her among his disciples.

On the admisson of this Chandala woman into the order of Bhikshunis, King Prasenajit and the Brahmanas and Kshatriyas of Sravasti feeling greatly scandalised, came to remonstrate with the Lord on his conduct. The blessed One demonstrated to them the futility of caste distinctions by the following simple reasoning.

Between ashes and gold there is a marked difference, but between Brahmana and a Chandala there is nothing of the kind. A Brahmana is not produced like fire by the friction of dry wood; he does not descent from the sky nor from the wind; nor does he arise piercing the earth. The Brahmana is brought forth from the womb of a woman in exactly the same way as a Chandala. All human beings have organs exactly alike; there is not the slightest difference in any respect. How can they be regarded as belonging to different species? Nature contradicts the assumptions of any specific inequality among mankind."

*Vide P. 126 Chapter on Buddhism and Caste.*

Digitized By Kerala Sahitya Akademi

# അവതാരിക

മഹാകവി എൻ. കുമാരനാശാൻ അവർകളുടെ "ചണ്ഡാലഭിക്ഷുകി" എന്ന ഈ ഗാഥാകൃതിയെ നിർമ്മത്സരന്മാരും വിശാലഹൃദയന്മാരുമായ കേരളീയ സഹോദരന്മാരുടെ സന്നിധാനത്തിൽ അവതരിപ്പിക്കുന്നതിനു് എനിക്കു് സാമാന്യാധികമായ സന്തോഷമുണ്ടു്. ഭാവഗംഭീരങ്ങളും ആലോചനാമൃതങ്ങളുമായ കവനതല്ലജങ്ങളെക്കൊണ്ടു കൈരളീദേവിയെ ചരിതാർത്ഥയാക്കുന്ന അപൂർവ്വം ചില അനുഗൃഹീതപുരുഷരത്നങ്ങളുടെ ഇടയിൽ ആശാനവർകൾക്കു ഇതിനു വളരെ മുമ്പുതന്നെ ലബ്ധമായിട്ടുള്ള സ്ഥാനം എത്രമാത്രം ഉൽകൃഷ്ടവും ഉജ്ജ്വലവുമാണെന്നുള്ളതു സകല സഹൃദയന്മാർക്കും സർവ്വത്ര സമ്മതമായിട്ടുള്ള ഒരു തത്വമാകയാൽ അതിന്റെ പ്രകാശനത്തിനോ പരാമർശത്തിനോ ആയി ഞാൻ ഈ അവസരത്തിൽ ആരംഭിക്കുന്നതു് അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കും.

നവനവോന്മേഷശാലിനിയായ പ്രജ്ഞയുടെ ഉത്തരോത്തരമായ ഉൽക്കർഷത്തോടുകൂടിയുള്ള പ്രതിഫലനമാണു് യഥാർത്ഥകലാകുശലതയുടെ മാനദണ്ഡമെങ്കിൽ ആ പരീക്ഷയിൽ ആശാനവർകൾക്കു് സിദ്ധിച്ചിട്ടുള്ള വിജയം അനന്യസാധാരണമാണെന്നു ആർക്കും നിസ്സംശയം പറയാം. ഓരോനാൾ പോകുന്തോറും ഈ മനോഹരമായ കുസുമത്തിന്റെ സൗഷ്ഠവവും സൗരഭ്യവും ഒന്നിനൊന്നു വളർന്നുവരുന്നു എന്നുള്ളതു് കേരളത്തിന്റെയും കേരളീയരുടെയും ഭാഗധേയപരിണാമമെന്നേ പറയേണ്ടതുള്ളു.

ചണ്ഡാലഭിക്ഷുകിയിൽ

"അദ്ദിക്കിലൂടെ കിഴക്കുനിന്നേറെ നീ
ണ്ടെത്തുമൊരു വഴി ശൂന്യമായി
സ്വച്ഛതരമായ കാനൽപ്രവാഹത്തിൻ
നീർച്ചാലുപോലെ തെളിഞ്ഞുമിന്നി" എന്നു തുടങ്ങി

Digitized By Kerala Sahitya Akademi

"ലോലാശ്രുവീണ പൂർവ്വാംഗം—ആർദ്ര
ചേലമായ് ഭിക്ഷുകീവൃന്ദം
ഓലുംമഞ്ഞിൽ പുനറാഞ്ഞ—കൃത-
മാലവനംപോൽ വിളങ്ങി"

എന്നുവരെയുള്ള ഭാഗങ്ങളിൽ അവിടവിടെ അവിച്ഛിന്നധാരമായ് പരിലസിക്കുന്ന ഉല്ലേഖങ്ങളുടെ അചുംബിതവും ഔചിത്യയുക്തവുമായ പ്രൌഢി ഈ കാവ്യത്തെ എത്രമാത്രം അമൃതനിഷ്യന്ദിയാക്കിത്തീർത്തിരിക്കുന്നുവെന്നു് സാഹിത്യമർമ്മജ്ഞന്മാർക്കു് സ്പഷ്ടമായിക്കാണാവുന്നതാണു്.

'ചണ്ഡാലഭിക്ഷുകി'യിലെ ഇതിവൃത്തം ശ്രീബുദ്ധഭഗവാന്റെ ദിവ്യാവതാരകഥകളിൽ ഒന്നായ മാതംഗിയെന്ന ചണ്ഡാലയുവതിയുടെ സംഘപ്രവേശമാണു്. തന്നിമിത്തം ഈ ഗാഥയുടെ അസ്ഥിപഞ്ജരം പ്രാക്തനമാണെന്നു പറയാമെങ്കിലും അതിന്റെ ഈ അഭിരാമകൃതിയിലുള്ള പ്രാണപ്രതിഷ്ഠയ്ക്കു പൂർണ്ണോത്തരവാദി ആശാനവർകൾ തന്നെയാണു്. ഒന്നു നോക്കുമ്പോൾ ഇതിന്റെ ജ്യേഷ്ഠസഹോദരിയായ 'ദുരവസ്ഥ'യും ഇതും ഒരു ഞെട്ടിൽ പൂത്ത രണ്ടു പുഷ്പങ്ങളെന്നു പറയാം. രണ്ടിന്റെയും ഉദ്ദേശ്യം ജാതിമാത്സര്യം നിമിത്തം ഹിന്ദുസമുദായത്തിനു സംഭവിച്ചിട്ടുള്ള ശൈഥില്യത്തിന്റെ നിവാരണമാണു്. ഒന്നിൽ ഒരു ബ്രാഹ്മണയുവതി കാലവൈപരീത്യത്തിനു് അടിമപ്പെട്ടു് ഒരു ചണ്ഡാലയുവാവിന്റെ സഹധർമ്മിണീപദം സ്വയം വരിക്കുന്നു; മററൊന്നിൽ ഒരു ചണ്ഡാലയുവതി ബുദ്ധസംഘത്തിലെ ഒരംഗമെന്ന നിലയിൽ ബ്രാഹ്മണയുവതിമാരുടെ ഭഗിനീപദത്തെ അധിരോഹണം ചെയ്യുന്നു. സർവ്വസമുദായസാഹോദര്യത്തെ ലക്ഷ്യീകരിച്ചാണു് രണ്ടു ഖണ്ഡകാവ്യങ്ങളുടെ പ്രവൃത്തി. ആശാനവർകളുമായി അടുത്തു പരിചയി

Digitized By Kerala Sahitya Akademi

ച്ചിട്ടുള്ളവക്കു് അദ്ദേഹത്തിൻെറ ആന്തരോദ്ദേശ്യത്തിൻെറ അത്യന്തശുദ്ധിയെപ്പററി യാതൊരു അവിശ്വാസവും ജനിക്കുന്നതല്ല.

"മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കി-
ലുദ്ദേശശുദ്ധിയാൽ മാപ്പു നൽകിൻ"

എന്നു 'ദുരവസ്ഥ'യിൽ അദ്ദേഹം ചെയ്യുന്ന മർമ്മസ്പൃക്കായ പ്രാർത്ഥന ഹൃദയപ്രസ്രവണത്തിൽനിന്നു പ്രവഹിക്കുന്ന പരിശുദ്ധപയസ്സാണെന്നു വിശാലമനസ്സോടുകൂടി ആ ഗ്രന്ഥം വായിക്കുന്നവർക്കെല്ലാം മനസ്സിലാക്കാൻ കഴിയും.

"ഉദ്യാനപാലന്മാരേ! ഭവാന്മാരുണ-
ന്നദ്യമിപ്പിൻ പുഷ്പകാലമായി,
ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ
ദേവൻ വനമാലിക്കാമോദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ"

എന്നുള്ള 'ദുരവസ്ഥ'യിലെ ആ പ്രശാന്തരമണീയമായ ഘട്ടം ആനന്ദബാഷ്പത്തോടുകൂടി തൊണ്ടയിടറിക്കൊണ്ടല്ലാതെ വായിക്കുവാൻ ശക്തിയുള്ള ഒരു സഹൃദയൻ ലോകത്തിലുണ്ടെങ്കിൽ അയാളെപ്പററി എനിക്കു് ലേശം അസൂയയില്ല. അതിൽ "തമ്മിൽ കലന്നാൽ" ഇത്യാദി മൂന്നാനാലുവരികളിൽ അടങ്ങിയിട്ടുള്ള ആശയത്തിൽ അല്പം വിപ്രതിപത്തി തോന്നാവുന്ന യാഥാസ്ഥിതികന്മാർക്കുകൂടിയും ഗ്രന്ഥകാരൻെറ സൂക്ഷ്മമായ അഭിസന്ധിയെ ഇന്നതെന്നു മനസ്സിലാക്കാൻ പ്രയാസമില്ലാത്തതും ആ അഭിസന്ധിയെ അഭിനന്ദിക്കാതിരിക്കുവാൻ നിവൃത്തിയില്ലാത്തതുമാണു്. ഈ തത്ത്വത്തെ ആസ്പദമാക്കിത്തന്നെയാണു് ബുദ്ധഭഗവാൻ പ്രസേനജിത്തിയോടു് 'ചണ്ഡാലഭിക്ഷുകി'യിൽ ചെയ്യുന്ന സദുപദേശം.

Digitized By Kerala Sahitya Akademi

"സ്നേഹത്താൽ നിത്യം തടം നനപ്പിൻ, ദയാ-
ദോഹളം നല്ലവിൻ പൂവിനെല്ലാം.

എന്ന 'ദുരവസ്ഥ'യിലും

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു,
സ്നേഹംതാൻ ശക്തി ജഗത്തിൽ-സ്വയം
സ്നേഹംതാനാനന്ദമാക്കും;
സ്നേഹംതാൻ ജീവിതം ശ്രീമൻ!—സ്നേഹ-
വ്യാഹതിതന്നെ മരണം"

എന്നു "ചണ്ഡാലഭിക്ഷുകി"യിലും എൻെറ സ്നേഹിതൻ നൽകുന്ന ഉപദേശം തൊഴുത്തിൽകുത്തി തുലഞ്ഞു തമ്മിലടിച്ചു തലകീറിത്താറുമാറായിക്കിടക്കുന്ന ഹിന്ദുസമുദായത്തിലെ ഭിന്നജാതികളുടേയും ആ ജാതികളിൽ ഓരോന്നിലും പെട്ട ഓരോ വ്യക്തിയുടേയും ഹൃദയകന്ദരത്തിൽ വേരൂന്നേണ്ട കാലം ആസന്നമല്ല, അതിക്രാന്തമായിരിക്കുന്നു എന്നു അവരെ അനുസ്മരിപ്പിക്കുന്നതിനു സ്വല്പമെങ്കിലും പ്രയോജകീഭവിക്കാമെങ്കിൽ ഈ ഗ്രന്ഥങ്ങളുടെ നിർമ്മാതാവു കൃതകൃത്യനായി എന്നാണു ഞാൻ വിചാരിക്കുന്നതു്. അവയ്ക്കു താദൃശമായ ഒരു ഫലം അചിരേണ സംഭവിക്കുമാറാകട്ടെ എന്നുള്ള ആശംസമാത്രമേ എന്നാൽ ഈ സന്ദർഭത്തിൽ കരണീയമായിരിക്കുന്നുള്ളു.

ആശാനവർകൾക്കു അഭംഗുരമായ ആയുരാരോഗ്യൈശ്വര്യാദിവൃദ്ധിയെ പ്രാർത്ഥിച്ചുകൊണ്ടു ഈ ചെറിയ പീഠികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുട്ടെ.

തിരുവനന്തപുരം,
17—1—23.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.
(ഒപ്പ്)

പണ്ഡിതകേസരിയും കവിശിരോമണിയുമായ ഉള്ളൂർ പരമേശ്വരയ്യർ അവർകളുടെ മനോഹരമായ ഈ അവതാരിക, മുഖവുര അച്ചടിച്ചുകഴിഞ്ഞതിനു ശേഷം കിട്ടിയതാകുന്നു. അദ്ദേഹത്തിനു സവിനയം നന്ദിപറഞ്ഞുകൊള്ളുന്നു. ഗ്രന്ഥകർത്താ.

Digitized By Kerala Sahitya Akademi

# ചണ്ഡാലഭിക്ഷുകി

## * പാട്ട്

### ഭാഗം 1

പണ്ടുത്തരഹിന്ദുസ്ഥാനത്തിൽ വൻപുകഴ്-
കൊണ്ട ശ്രാവസ്തിക്കടുത്തോരൂരിൽ,

രണ്ടായിരത്തഞ്ഞൂറാണ്ടോളമായ്—വെയിൽ
കൊണ്ടെങ്ങും വാകകൾ പൂക്കുന്നാളിൽ;

ഉച്ചയ്ക്കൊരുദിനം വന്മരുവൊത്തൊരു
വിസ്താരമായ വെളിസ്ഥലത്തിൽ

കത്തുന്നൊരാതപജ്വാലയാലഗ്നിയെ
സ്പർദ്ധിക്കുംമട്ടിൽ ജ്വലിച്ചു ഭൂമി.

അദ്ദിക്കിലൂടെ കിഴക്കുനിന്നേറെ നീ-
ണ്ടെത്തുമൊരു വഴി ശൂന്യമായി

സ്വച്ഛതരമായ കാനൽപ്രവാഹത്തിൻ
നീർച്ചാലുപോലെ തെളിഞ്ഞുമിന്നി.

ദൂരെപ്പടിഞ്ഞാറു ചാഞ്ഞ വിൺഭിത്തിയിൽ
നേരെയതുചെന്നു മുട്ടും ദിക്കിൽ

---

* "ശ്രീരാമാഗോവിന്ദ" എന്നമട്ട്

Digitized By Kerala Sahitya Akademi

ഉച്ചമായങ്ങൊരു വന്മരം കാണുന്നു
നിശ്ചലമായ കാർകൊണ്ടൽപോലെ.
നീലക്കല്ലൊത്തു മിന്നുന്തോരിലകൾതൻ-
മേലേ തൂവെരത്തിൻ കാന്തി വീശും
ചണ്ഡാംശുരശ്മികളാലൊരു വാർവെള്ളി-
മണ്ഡലം ചൂഴുന്നുണ്ടമ്മുകിൽമേൽ.
പച്ചിലച്ചില്ലയിൽ ചെപ്പടിപ്പന്തുപോൽ
മെച്ചമായ് പഴവും ഫലം നിറഞ്ഞും
ഭൂരിശാഖാഗ്രത്താൽ വിണ്ണും വേടിൻചാർത്താൽ
പാരും വ്യാപിച്ചു പടന്നു നില്ക്കും
പേരാൽമരമാണതായതിൻ പത്രത്തിൻ
ചാരുതണലാന്ന കൊമ്പുതോറും
ഘോരാതപം ഭയപ്പെട്ടേറെപ്പക്ഷികൾ
സൈ്വരം ശരണമണഞ്ഞിരിപ്പൂ.

ചൂടാന്ന തൊണ്ട വരണ്ടിട്ടിവയൊന്നും
പാടാനൊരുങ്ങുന്നില്ലെന്നല്ലഹോ;
വാടിവലഞ്ഞു ഞരമ്പുതളന്നിര-
തേടാനമോക്കുന്നില്ലിക്ഖഗങ്ങൾ
വട്ടംചുഴന്നു പറന്നു പരുന്തൊന്നു
ചുട്ടുപോം തൂവലെന്നാർത്തിയോടും
ചെററിട, വേകംനട്ടവിണ്ണു വിട്ടിതാ
പററുന്നുണ്ടാലിതിൻ തായ്ക്കൊമ്പിൻമേൽ.

Digitized By Kerala Sahitya Akademi

വേട്ടയത്തും തുടങ്ങുന്നില്ലതിനെയും
കൂട്ടാക്കുന്നില്ല കുരുവിപോലും;
ഹന്ത! തടി തളർന്നാർത്തി കലരുന്ന
ജന്തു നിസർഗ്ഗവികാരമേലാ.

വ്യാസമിയന്നോരീയൊററമരക്കാട്ടിൻ
വാസാർഹമായ മുരട്ടിൽ ചുററും
ഭാസിക്കുന്നുണ്ടു തൊലിതേഞ്ഞ വൻവേരാ-
മാനസം പാന്ഥോചിതമായേറെ.
ഓരോരിടത്തിൽ പൊതിയഴിച്ചുള്ള പാഴ്-
നാരുമിലകളുമങ്ങങ്ങായി
പാറിക്കിടപ്പുണ്ടു, കാലടിപ്പാതക-
ളോരോന്നും വന്നണയുന്നദിക്കിൽ.
മുട്ടുംവഴികൾതൻ വക്കിലങ്ങുണ്ടൊരു
കട്ടിക്കരിങ്കൽച്ചുമടുതാങ്ങി;
ഒട്ടടുത്തായ് കാണുന്നുണ്ടൊരു വായ്ക്കല്ലു
പൊട്ടിവീണുള്ള പഴംകിണറും.
നേരേ കിഴക്കേപ്പെരുവഴിവിട്ടുള്ളോ-
രൂരുപാതയൂടെയിങ്ങുതന്നെ
ആരോ നടന്നു കഴിഞ്ഞുവരുന്നുണ്ടു്;
ചാരത്താ,യാളൊരു ഭിക്ഷുവത്രേ.
മഞ്ഞപിഴിഞ്ഞു ഞെറിഞ്ഞുടുത്തുള്ളൊരു
മഞ്ജുപൂവാടയാൽ മേനിമൂടി,

Digitized By Kerala Sahitya Akademi

മുണ്ഡനംചെയ്ത ശിരസ്സും, മുഖചന്ദ്ര-
മണ്ഡലംതാനും മസൃണമാക്കി,

ദീർഘവൃത്താകൃതിയാം മരയോടൊന്നു
ദീർഘമാം വാമഹസ്തത്തിലേന്തി,

ദക്ഷിണഹസ്തത്തിലേലും വിശറിപ്പൊൻ-
പക്ഷമിളക്കിയൊട്ടൊട്ടുവീശി,

ഉററമർത്തണലെത്തുന്ന ഭിക്ഷുവൊ-
രൊററച്ചിറകേലും ദേവതപോൽ.

ഓട്ടും വിശറിയും വൃക്ഷമൂലത്തിൽവ-
ച്ചാടൽകലന്നൊന്നു ഫൂൽക്കരിച്ചു,

ആടത്തുമ്പാലെ വിയർപ്പുതുടച്ചു് ക-
ണ്ണോടിച്ചു യോഗി കിണററിൻ നേരേ.

അപ്പൊഴുതങ്ങൊരു പെൺകൊടിയാം ചെൻ-
ചെപ്പുകുടമൊന്നരയ്ക്കു മേലിൽ

അഞ്ചിതമായ് വളമിന്നുമിടങ്കര-
പ്പിഞ്ചുലതകൊണ്ടു ചുററിച്ചേർത്തും,

വീശും വലങ്കരവല്ലിയിൽ പാളയും
പാശവും ലീലയായ് തൂക്കിക്കൊണ്ടും,

ചെററകുനിഞ്ഞു വലംചാഞ്ഞ പൂമേനി
ചുററിമറച്ചു ചെങ്കാന്തിതേടും

പൂഞ്ചേലതൻതല പാർശ്വത്തിൽ പാറിച്ചും,
ചാഞ്ചാടിവയ്ക്കുമടിത്തളിരിൽ

Digitized By Kerala Sahitya Akademi

ലോലപ്പൂമ്പാദസരത്തിലെക്കിങ്കിണീ-
ജാലം കിലുങ്ങി മുഴങ്ങുമാറും,

മന്ദമട്ടത്തുള്ളോരുരിൽനിന്നോമലാൾ
വന്നണയുന്നാ വഴിക്കിണററിൽ.

കാക്കയും വന്നു പനമ്പഴവും വീണെ-
ന്നാക്കമാർന്നു ഭിക്ഷു ശ്രേഷ്ഠകണ്ഠൻ,

സത്തക്കുഴലിലഥവാ തുണയ്ക്കുവാ-
നെത്തും നിയതിയോരോ വടിവിൽ.

---

# ഭാഗം 2

* ശ്രമമേറ്റം തൻപാള കിണററിലി-
ട്ടോമൽക്കൈയാൽ കയറു വലിച്ചുടൻ

കോമളാംഗി നീർകോരിനിന്നീടിനാൾ
ശ്രീമാനബ്ഭിക്ഷുവങ്ങു ചെന്നർത്ഥിച്ചാൻ:—

''ദാഹിക്കുന്നു ഭഗിനീ, കൃപാരസ-
മോഹനം കുളുർതണ്ണീരിതാശു നീ

ഓമലേ, തരു തെല്ലെ''ന്നതുകേട്ടൊ-
രാമനോഹരിയമ്പരന്നോതിനാൾ:—

---

* ''എന്തിനയ്യോ'' എന്ന മട്ട്.

Digitized By Kerala Sahitya Akademi

"അല്ലല്ലെന്തുകഥയിതുകഷ്ടമേ!
അല്ലലാലങ്ങു ജാതി മറന്നിതോ?

നീചനാരിതൻ കൈയാൽ ജലംവാങ്ങി-
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?

കോപമേലരുതേ! ജലം തന്നാലും
പാപമുണ്ടാ,മിവളൊരു ചണ്ഡാലി;

ഗ്രാമത്തിൻപുറത്തിങ്ങു വസിക്കുന്ന
'ചാമർ'നായകൻതന്റെ കിടാത്തി ഞാൻ."

ഓതിനാൻ ഭിക്ഷുവേററം വിലക്ഷനായ്:—
"ജാതി ചോദിക്കുന്നില്ല ഞാൻ സോദരി;

ചോദിക്കുന്നു നീർ നാവുവരണ്ടഹോ!
ഭീതിവേണ്ടാ, തരികതെനിക്കുനീ"

എന്നുടനേ കരപുടം നീട്ടിനാൻ
ചെന്നളിനമനോഹരം സുന്ദരൻ;

പിന്നെതൊക്കെംപറഞ്ഞില്ലയോമലാൾ;
തന്വിയാണവൾ കല്ലല്ലിരുമ്പല്ല.

കററക്കാർകൂന്തൽ മൂടിത്തലവഴി
മുററുമാസ്യം മറഞ്ഞുകിടക്കുന്ന

ചാരുസാരിയൊതുക്കിച്ചെറുചിരി
ചോരും ചോരിവാ ചെററ വിടത്തവൾ

പാരം വിസ്മയമാന്ന വിസ്താരിത-
താരയായ്ത്തെല്ലനിന്നു മയ്ക്കണ്ണിയാൾ;

Digitized By Kerala Sahitya Akademi

ചോരച്ചെന്തളിരഞ്ചുമരുണാംശു-
പൂരത്താൽ മേനി മൂടിപ്പുലച്ചിയിൽ
വണ്ടിണചെന്നു മുട്ടി വിടൎന്ന ചെ-
ന്തണ്ടലരല്ലി കാട്ടി നില്ക്കുംപോലെ.

പിന്നെക്കൈത്താർ വിറയ്ക്കയാൽ പാളയിൽ
ചിന്നിനിന്നു തുളുമ്പി മനോജ്ഞമായ്
മദ്ധ്യം പൊട്ടി നുറുങ്ങി വിലസുന്ന
ശുദ്ധകണ്ണാടിക്കാന്തിചിതറും നീർ,

ആൎത്തിയാൽ ഭിക്ഷു നീട്ടിയ കൈപ്പൂവിൽ
വാൎത്തുനിന്നിതേ മെല്ലെക്കുനിഞ്ഞവൾ.
പുണ്യശാലിനി, നീ പകൎന്നീടുമി-
ത്തണ്ണീർതന്നുടെയോരോരോ തുള്ളിയും

അന്തമററ സുകൃതഹാരങ്ങൾ നിന്ന-
ന്തരാത്മാവിലൎപ്പിക്കുന്നുണ്ടാവാം.
ശിക്ഷിതാത്മനിൎവ്വാണരിലഗ്ര്യനീ
ഭിക്ഷുവാരെന്നറിവീല ബാലേ നീ;

രക്ഷാദക്ഷമാം തൽപ്രസാദം, നിന്നെ-
പ്പക്ഷെ വേറാളായ് മാററുന്നുമുണ്ടാവാം.
അഞ്ജലിതന്നിലൎപ്പിച്ചു തന്മുഖ-
കഞ്ജം ഭിക്ഷു കുനിഞ്ഞുനിന്നാൎത്തിയാൽ,

വെള്ളിക്കമ്പികണക്കേ തെളിഞ്ഞതി-
നുള്ളിൽവീഴും കുളുർവാരി തൻപൂരം.

Digitized By Kerala Sahitya Akademi

പാവനം നകരുന്ന തൻ ശ്രദ്ധമാം
ഭാവി * വിജ്ഞാനധാരയെന്നോത്തപോൽ;

ആ മഹാനാന്ന സംതൃപ്തി കണ്ടഹോ
കോൾമയിൎക്കൊണ്ടുനില്ക്കുന്നു പെൺകൊടി.

ആമയംതീൎന്നു; പോരും നീയെന്നവൻ
വാമഹസ്തമുയൎത്തി വിലക്കുന്നു.

സാദംതീൎന്നു, സീരകളുണൎന്നുടൻ
മോദമാനമുഖാംബുജശ്രീയൊടും

ഭിക്ഷുവൎയ്യൻ നിവൎന്നു, കടചോന്ന
പക്ഷ്മളങ്ങളാം നീണ്ടമിഴികളാൽ

നന്ദിയോലവേ, തന്നുപകൎത്തൃിയാം
സുന്ദരാംഗിയെ നോക്കിയരുൾചെയ്തു:—

"നിൎവ്വാണനിധി കണ്ട മഹാസിദ്ധാൻ
സൎവ്വലോകൈകവന്ദ്യൻ ദയാകുലൻ

ഗുൎവ്വധീശനനുഗ്രഹിക്കും നിന്നെ-
പ്പൎവ്വചന്ദ്രവദനേ, ഞാൻ പോകുന്നു."

എന്നു വീണ്ടുമായാൽക്കുട ലാക്കാക്കി-
യുന്നതൻ ശാന്തഗംഭീരദൎശനൻ

ചെന്നവിടെയശ്വത്ഥച്ഛായാതലത്തിൽ മുൻ-
ചൊന്നദിക്കിലിരിപ്പായി സൌഗതൻ,

---

* ക്ഷണികവിജ്ഞാനധാരയെ ബുദ്ധമതക്കാർ ആത്മാവായി വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

മന്ദം കാട്ടുറവെത്തിട്ടാഹംതീർത്തു
കന്ദരംപൂകും കേസരി പോലവൻ.

പിന്നെച്ചെമ്മേയങ്ങാസനം ബന്ധിച്ചു
ധന്യൻ ധ്യാനമിയന്നു വിളങ്ങിനാൻ,

*ഫൽഗുതീരത്തരയാൽത്തണലിൽ തൻ-
സൽഗുരുവായ മാരജിത്തെന്നപോൽ.

തൻകുടവും നിറച്ചു തുടച്ചതു
മങ്കമാർമണി മാററിവച്ചങ്ങവൾ,

നീളമേലും കയറചുരുട്ടിയ-
പ്പാളയിൽ ചേർത്തു സജ്ജമാക്കീടിനാൾ.

പോകുവാനോങ്ങിയെങ്കിലും പെൺകിടാ-
വാകാഞ്ഞങ്ങൊട്ടലസയായ് ചുററിനാൾ.

അന്തികത്തിങ്കൽ പൂത്തു മനോജ്ഞമായ്
അന്തിവാനിന്നകന്നോരു കോണുപോൽ

ചന്തമാർന്നങ്ങു നില്ക്കും ചെറുവാക-
തൻതണലിലണഞ്ഞാൾ മനോഹരി

ചാരത്തെത്തിയൊരോമനപ്പൂങ്കുല
പാരാതാഞ്ഞൊടിച്ചായതു നോക്കിയും,

ചാരുനേത്ര മരത്തിലിടത്തുതോൾ
ചാരിച്ചാഞ്ഞു, ചരിഞ്ഞമിഴികളാൽ

---

* ബുദ്ധഗയയ്ക്കു സമീപം ഒഴുകുന്ന ''നിരഞ്ജന'' എന്നു കൂടി പേരുള്ള നദി.

Digitized By Kerala Sahitya Akademi

ദൂരെ മേവുന്ന ഭിക്ഷുവിനായ് കരും-
താരിണമാല കോമളമായ് നിൎമ്മിച്ചും,
പാരിലൊററക്കാലൂന്നി നിലകൊണ്ടാൾ
മാരദൂതിപോൽ തെല്ലിട സുന്ദരി.

---

## ഭാഗം 3

* വെയിൽ മങ്ങി; ചൂടുമൊട്ടൊട്ടൊതുങ്ങി;
സ്വയമെഴുന്നേററുടൻ ഭിക്ഷു പോയി.

വിലയേറുമെന്തോ കളഞ്ഞുകേഴും
നിലയാൎന്നച്ചാലയും വിട്ടുപോകി.

അവൾ പിന്നെയത്യന്തഖിന്നയായി
അവശയായ് പ്രത്യക്ഷഹേതുവെന്യേ.

അഴുതവൾ കോണിലൊതുങ്ങിയെങ്ങും
പൊഴുതു പോകാതായിബുദ്ധിമുട്ടി;

ചിറകററ മിന്നാമിനുങ്ങുപോലെ-
യരുപകൽ നീങ്ങിയിഴഞ്ഞിഴഞ്ഞു്;

പൊറുതിയുണ്ടായില്ല രാവിലുമ-
ച്ചെറുമിയന്നുണ്ടില്ലുറങ്ങിയില്ല.

---

* "ഗുണമേറും ഭർത്താവേ" എന്നമട്ടു്.

Digitized By Kerala Sahitya Akademi

അഴകേറും ഭിക്ഷുവുമപ്പേരാലും
വഴിയും കിണറും പരിസരവും

ഒഴിയാതവളഹോ മുമ്പിൽ കണ്ടു
മിഴിയടച്ചെന്നാലുമല്ലെന്നാലും.

തനിയെ തുടന്നെഴും ചിന്ത നിത്താൻ
തന്നഗാത്രിയാളായില്ലെന്നല്ലയ്യോ,

നിനവും കിനാവുമഭിന്നമായി
മനതാർ കുഴങ്ങി വലഞ്ഞു ബാല.

നെടുരാത്രി നീങ്ങാഞ്ഞു നിർവേദത്താൽ
പിടയും തൻശയ്യയിൽ പേലവാംഗി;

ഝടിതിയെഴുന്നേററവളിരിക്കും;
ഉടനേപോയ് വാതിൽ തുറന്നുനോക്കും;

ഇരവിനെ നിന്നു ശപിക്കും തന്വി
തിരികെക്കിടക്കയിൽ പോയി വീഴും;

വിരഞ്ഞിതവൾ ഭൂതപീഡയാലോ
ജ്വരസംഭ്രമത്താലോയെന്നവണ്ണം

അറയിൽത്താനേകയായിപ്രകാരം
പറവാനാകാത്തൊരീയാമയത്താൽ.

ശബളിതഭാവയിവളക്രമേ
വിപുലമാം പുണ്യവികാസത്താലേ

ശബരാലയത്തിന്നിരുട്ടറയിൽ
സപദിയൊതുങ്ങാതുഴൽകയാവാം.

Digitized By Kerala Sahitya Akademi

കുറുനരിയും പിന്നെക്രമൻതാനു
മറിയിക്കും യാമങ്ങളെണ്ണിയെണ്ണി,

പറയവനിത പൂങ്കോഴിക്രവും
തിറമെഴും കാഹളം കേൾക്കയായി.

ശയനം വെടിഞ്ഞു നനഞ്ഞുവീൎത്ത
നയനാംബുജങ്ങൾ തുടച്ചുതന്വി;

ഉടനെ മുറിതുറന്നമ്മരത്തൊ-
രടിവച്ചൊട്ടാഞ്ഞു വെളിക്കു നോക്കി;

പടിമേലവൾ തെല്ലിരുന്നു പിന്നെ
നെടുവീൎപ്പിട്ടൊട്ടു മുററത്തിറങ്ങി;

ഉടയോരുണൎന്നുകാണമ്മുമ്പെങ്ങോ
വിടകൊള്ളാനോങ്ങുന്നപോലെതന്നെ,

പരിചിലവൾ നട വിട്ടുപോന്ന-
പ്പുരയുടെ പിന്നിലൊതുങ്ങിനിന്നു.

പുറവേലിതൻ പടൎപ്പിന്മേലപ്പോൾ
ചെറുവണ്ണാത്തിപ്പുള്ളുണൎന്നു പാടി;

തളിർവിടൎന്നുള്ള മരം തലോടി-
ക്കുളിർവായുവൂതി കിഴക്കുനിന്നും;

പ്രവിരളതാരയാം പൂൎവ്വദിക്കിൻ-
കവിളും വിളറിത്തുടങ്ങി മെല്ലെ.

നടകൊണ്ടുടനേയവിടനിന്ന-
ങ്ങിടവഴിയെത്തുന്നു കാതരാക്ഷി;

Digitized By Kerala Sahitya Akademi

ഇടരാർന്നു വീണ്ടും തിരിഞ്ഞുനിന്നു
ഝടിതി വീക്ഷിക്കുന്നു സ്നേഹശീല,

ഒടുവിൽ ജനിച്ചഹോ താൻ വളർന്ന
കുടിലോടു യാത്രചോദിക്കുംപോലെ,

ഉഴറിത്തിരിഞ്ഞുടനോമലാളാ
വഴിയേ വരുന്നു കിണററരികിൽ.

സ്ഫുടമിവൾ നീരിനല്ലിപ്പോൾ പോന്നു;
കുടമില്ല, സന്നാഹമൊന്നുമില്ല.

അതുമല്ലവളങ്ങു ചുററും തേടി
വിധുരയായ് ഭിക്ഷുവിൻ പാദമുദ്ര

ക്ഷിതിയിൽ കണ്ടാശു സൂക്ഷിച്ചുനോക്കി
നിധിചോരപോലെ കുനിഞ്ഞിരുന്നു.

യതിവര്യൻ തണ്ണീരിനായ്ത്തദലന്നാ-
ളെതിരേ നീട്ടിക്കൊണ്ട കൈത്താർതന്റെ

മൃദുപാടലാഭതന്നോർമ്മ നൽകും
പ്രതിനവാർക്കാംശുക്കൾ തട്ടിച്ചോന്നു

പുതുരക്തമോടി വിളങ്ങും സാക്ഷാൽ
പദമലർ താനതെന്നാർത്തിയാലെ

പുളഗിതഗണ്ഡയായ് താണു ഭുവി-
ലളകാഞ്ചലം വീണടിയുമാറും,

അധരം തുടുത്തു തുളുമ്പുമാറും,
അതിനെയിതാ തന്വി ചുംബിക്കുന്നു.

Digitized By Kerala Sahitya Akademi

വിരവിലെഴുന്നേററവടൻ നടന്ന-
പ്പെരുവഴിയെത്തുന്നു പേശലാംഗി;

പദമുദ്ര വേർതിരിയാതെയങ്ങു
പതറുന്നു പെൺകൊടി ദൂരെയെത്തി.

യതിപുംഗവൻെറ വഴി തുടൎന്നീ-
മതിമുഖി പോകയാം തക്കമില്ല.

അഴലാൎന്നിവളഹോ സ്വാമിതൻെറ
വഴിയോരുംശ്വാവിൻെറ നാസക്കേലും

അനഘമാം ശക്തിയില്ലാഞ്ഞിദാനീം
തനതിന്ദ്രിയത്തെശ്ശപിക്കുന്നുണ്ടാം.

അഴകിൽ പൂൎവ്വാഹ്നശ്രീ തങ്കച്ചാറാൽ
മെഴുകുന്നോരപ്പാതയൂടെ പിന്നെ

വഴിപോക്കർ ചൊല്ലിയറിഞ്ഞു വേഗം
പിഴയാതെ ശ്രാവസ്തിപട്ടണത്തിൽ

പരിശുദ്ധ * ജേതൃവനവിഹാര-
പരിസരരഥ്യയിലെത്തി ബാല.

ഇടയിടേപ്പൂമരവൃന്ദമില്ലി-
പ്പടരിവ തിങ്ങും വൻവേലി ചൂഴ്ന്നാ,

കരിവാർശിലയാൽതീൎത്തുള്ളരണ്ടു
കരിവരർ കാക്കും പൂങ്കാവിൻദ്വാരം

---

* ജേതവനം എന്നാണ് പ്രാകൃതരൂപം

Digitized By Kerala Sahitya Akademi

അരികിലവൾ കണ്ടിതുള്ളിലോരോ
വരമന്ദിരാരാമവൃന്ദത്തോടും.

ഇരുപുറവുമത്തി മാവു ഞാവൽ
അരയാൽമുതലാം തരുനിരകൾ

സുരുചിരച്ഛായ വളൎന്ന ശാന്ത-
പരിമോഹനമാം നടയ്ക്കാവൂടെ

അവളുള്ളിൽപ്പോയന്നമ്മന്ദിരത്തിൽ
നിവസിക്കും ഭിക്ഷുക്കൾതന്നെക്കണ്ടാൾ.

വിവരങ്ങൾ ചോദിച്ചാളങ്ങങ്ങെത്തി-
യവഗതസങ്കോജം ഗ്രാമകന്യ.

വിദിതസമസ്നേഹരാജ്യലക്ഷ്മീ-
സദനമതാൎക്കും തറവാടല്ലോ.

അകലെനിന്നെത്തുമിവളങ്ങുള്ളോ-
രകളങ്കൎക്കേവലും പെങ്ങളല്ലോ.

മുകിൽവേണിക്കസ്ഥലമാഹാത്മ്യംതാൻ
പകുതിമോഹം തീൎത്തിരിക്കുമിപ്പോൾ.

പരിസരശക്തിഗുണത്താൽ മൎത്ത്യർ
പരിശുദ്ധരാകും പാപിഷ്ഠർപോലും.

ജഗദേവധൎമ്മപിതാവു സാക്ഷാൽ
ഭഗവാൻ തഥാഗതൻ സാന്നിദ്ധ്യത്താൽ

അരിയ വിഹാരമതന്നു പാരം
പരിപാവനമാക്കിച്ചെയ്തിരുന്നു.

Digitized By Kerala Sahitya Akademi

ഗുരുദേവരെക്കാണ്മാൻ * പൂർവ്വാരാമ-
വരവിഹാരത്തിൽനിന്നിങ്ങുപോരും
സുവിദിതൻ + 'ആനന്ദ'ഭിക്ഷുവത്രേ-
യവൾ തണ്ണീർനൽകിയ യാത്രക്കാരൻ.

വിവരമറിഞ്ഞവൾതന്നെദ്ദേവൻ
സവിധത്തിലമ്പിയന്നാനയിച്ചാൻ.
അവളജ്ഞ ചണ്ഡാലബാലയെങ്ങോ?-
ബ്ഭുവനഗുരുപാദരെങ്ങു? പാർത്താൽ

ഗുരുലഘുഭേദമതിഥികളിൽ
പരമോദാരന്മാർ കാണ്മീല നൂനം.
മണിമണ്ഡപത്തിന്റെ പൂമുഖത്തിൽ
ക്ഷണമെഴുന്നള്ളിനിന്നീടും രൂപം

പരമവൾ കണ്ടിതു ഭിക്ഷുവേഷം,
പുരുഷസൗന്ദര്യത്തിൻ പൂർണ്ണഭോഗം.
സുഭഗനാനന്ദൻ മിന്നാമിനുങ്ങായ്
പ്രഭമങ്ങുമത്ഭുതതേജഃപുഞ്ജം.

പതറീ ഹൃദയം വിറച്ചു പൂമെ-
യ്യെതിരേ മഹാത്മാവെക്കണ്ടു ഞെട്ടി,
അവിദിതാചാര മാതംഗകന്യ
അവശയായ് സംഭ്രമമാർന്നുനിന്നു;

---

* ശ്രാവസ്തിക്കടുത്ത ഒരു ഗ്രാമത്തിലുള്ള മറ്റൊരു സംഘാരാമം.

+ ബുദ്ധദേവന്റെ വംശജനായ ഏറ്റവും പഴയ ഒരു അന്തേവാസി.

Digitized By Kerala Sahitya Akademi

പുതുദീപംമുമ്പിൽ പതംഗിപോലെ,
കതിരവൻമുമ്പിൽ ധരിത്രിപോലെ,

നിഗമരത്നത്തിൻെറമുമ്പിൽ യുക്തി-
വികലമാം പാമരവാണിപോലെ,

അചലമാംബോധംമുമ്പപ്രഗത്ഭ-
വിചികിത്സപോലെയും, വിഹ്വലാംഗി.

അതുകണ്ടകമലിഞ്ഞൊരു ദേവ-
നതിവിശ്വാസം ലോകൈകവന്ദ്യൻ,

സദയം തൻതൃക്കണ്ണവളിൽ ചാഞ്ഞു;
മൃദുലസ്മിതാർദ്രമായ് മംഗളമാം

അധരമലർവഴി വാക്സുധകൾ
മധുരഗംഭീരമായൊന്നൊഴുകി:—

"മകളേ, നീ പോന്നതുഭംഗിയായി;
സകലമറിഞ്ഞു നാം കാര്യം ഭദ്രേ;

അനഘനാനന്ദനു തണ്ണീർ നല്കി-
ക്കനിവാൻ വത്സേ നീ ദാഹംതീർത്തു;

ജനിമരണാത്തിദമാകും തൃഷ്ണ-
യിനി നിനക്കുണ്ടാകാതാകയാവൂ."

അവളുടെഭാവമറിഞ്ഞു പിന്നെ—
സ്സ്വവിമലധർമ്മോപദേശംചെയ്തു;

അവളെത്തൻഭിക്ഷുകീമന്ദിരത്തിൽ
നിവസിച്ചുകൊൾവാനുമാജ്ഞാപിച്ചു;

Digitized By Kerala Sahitya Akademi

തിരിയേയകത്തെഴുന്നള്ളിനാന-
ന്നിരുപാധികകൃപാവാരിരാശി.

അരിയ നീത്താർമൊട്ടേ, നിൻതലയിൽ
സ്ഫുരിതമാം തൂമഞ്ഞിൻതുള്ളിതന്നിൽ

അരുണൻ നിർമ്മിച്ചോരപ്പത്മരാഗം
പൊരുളാകില്ലീയക്കദീപ്തിതന്നിൽ;

അതുമല്ല മുത്തേലും ബിന്ദുമാഞ്ഞു
സുധയൂറും നിൻകരാംകാമ്പിൽ മെല്ലേ;

ദിവസം പുലർന്നു വിടർന്നിനി നീ,-
യവികലശോഭ വഹിക്കും പൂവേ.

---

## ഭാഗം 4

* 'ഭിക്ഷുണീ'മന്ദിരം തന്നിൽ - ബുദ്ധ -
ശിക്ഷിതവാണു മാതംഗി.

ഭൂഷണമൊക്കെ വെടിഞ്ഞു - ബാല
തോഷിച്ചു കുന്തളമരിഞ്ഞു;

ശേഷം 'ശ്രമണി'മാരേലും - ശുദ്ധ -
വേഷം ശരിയായണിഞ്ഞു.

---

* "അത്രിമഹാമുനിഭാര്യ" എന്നമട്ട്.

Digitized By Kerala Sahitya Akademi

* അഷ്ടാംഗമാം ധർമ്മമാർഗ്ഗം—ബാല
കാഷ്ഠതയെന്നി ധരിച്ചു.
പാവനമൈത്രീമുതലാം ചിത്താ
ഭാവന† മൂന്നും ശീലിച്ചു.
ആനന്ദനിർവ്വാണംപെയ്യും - കാമ-
ധേനുവാം ധ്യാനം ഗ്രഹിച്ചു.
നിർമ്മലശീലമാരാകും—അന്യ-
ധർമ്മഭഗിനിമാരൊപ്പം
സമ്മോദം സ്നാനാശനാദി- കളിൽ
ചെമ്മേയിണങ്ങി രമിച്ചു.

കൃത്യങ്ങൾ കാലംതെററാതെ —അവൾ
പ്രത്യഹം ചെയ്യും മാഴ്കാതെ
നേരത്തെയേററനിയമം—കഴി-
ഞ്ഞാരാമംപൂകും കൃശാംഗി.
സ്നിഗ്ദ്ധശിലകൾപടുത്തു—പരി-
മുഗ്ദ്ധമാം കല്പടയാർന്ന,
താമരപൂത്തു മണംവീ—ശുന്ന-
ല്ലോമൽ നീരേലും കുളത്തിൽ
കൈയിൽ ചെറുകുടംതാങ്ങി—മററു
തയ്യൽമാരോടൊത്തിറിങ്ങി

---

* സമ്യക്ദൃഷ്ടി, സമ്യക്സ്മൃതി മുതലായ എട്ട് അംഗങ്ങൾ.
† മൈത്രി, കരുണ, മുദിത ഈ മൂന്ന്.

Digitized By Kerala Sahitya Akademi

കോരും ജലമവൾ,പോയി—ച്ചെന്നു
ചാരുമഹിളാലയത്തിൽ

മുററത്തെഴുന്ന പൂവല്ലി—നിര
മുററും രസത്തിൽ നനയ്ക്കും.

പാവനശീലയാൾ പിന്നെ—ദ്ദന്ത-
ധാവനംചെയ്തു നീരാടും.

ചായം പിഴിഞ്ഞ വസനം—തല്ലി-
ക്കായാനിട്ടന്യമണിയും.

വായ്ക്കും കുതൂഹലമാർന്നു—നല്ല
പൂക്കളിറുത്തവൾ ചെന്നു,

ശ്ലാഘ്യരാം ധർമ്മമാതാക്കൾ—തൻെറ
കാല്ക്കൽവച്ചമ്പിൽ വണങ്ങും.

ശ്രദ്ധയാർന്നങ്ങിരുന്നോരോ—ധർമ്മ-
തത്വങ്ങൾ ബാല ശ്രവിക്കും.

മദ്ധ്യാഹ്നമായാൽ വിളമ്പീ—ടുന്നൽ
ശുദ്ധമാം 'ഭിക്ഷ' യശിക്കും.

ഇങ്ങനെ കാലം നയിച്ചു—സ്നേഹം
തിങ്ങുമാ ധർമ്മാലയത്തിൽ

ഏകാന്തസൗഖ്യമായ് ബാല—ഏതോ
ലോകാന്തരമാർന്നപോലെ

അമ്മന്ദിരത്തിൽ വസിക്കും—പല
മേന്മയെഴും രാജ്ഞിമാക്കും

Digitized By Kerala Sahitya Akademi

ബ്രാഹ്മണ 'ഭിക്ഷുണി'മാക്കും — വൈശ്യ -
മാന്മിഴിമാക്കുമല്ലാക്കും

ക്രൂരം ബഹുമതിതാനും — ദിനം
തോറുമിവളിൽ വളൎന്നു.

ഏറും ഗുണംകണ്ടവൾമേൽ — പ്രീതി -
യേറി ഭഗവാനും മേന്മേൽ

ഹാ! കാമ്യമാമീ നഭസ്സിൽ — ഒരു
കാർകൊണ്ടൽ വന്നുകേറുന്നു!

ലോകമേ, നിൻജഠരത്തിൽ — ഇല്ല
റ്റേകാന്തതയൊരിടത്തിൽ,

അന്തികത്തന്നഗരത്തിൽ — ഈ ന -
ല്ലന്തരത്തിൽ തരംനോക്കി

അന്തണരിൽ ചിലപേരേ — ഈൎഷ്യ
ഹന്ത! തൻകോമരമാക്കി.

"നിൎണ്ണയം കാലം മറിഞ്ഞു — വര -
വൎണ്ണിനീധൎമ്മമഠത്തിൽ.

മുണ്ഡനം ചെയ്കയാലിന്നു — ശുദ്ധ -
ചണ്ഡാലി കേറി സമത്തിൽ.

താണ ചെറുമിയൊന്നിച്ചായ്" — അവർ -
ക്കൂണുമിരിപ്പും കിടപ്പും;

കാണി ക്രൂസാതായി വെപ്പും — ശാസ്ത്ര -
വാണിയും നാട്ടിൽ നടപ്പും;

Digitized By Kerala Sahitya Akademi

പാരിൽ യജ്ഞങ്ങളില്ലാതായ്;—ദേവ-
ക്കാരാധനകളില്ലാതായ്;

ആരും പഠിക്കാതെയായി—വേദം,
പോരെങ്കിൽ ജാതിയും പോയി."

ഇങ്ങനെയൊക്കെയുരച്ചും,—അതിൽ
തങ്ങും വിപത്തു വൎണ്ണിച്ചും,

അഗ്രഹാരംതോറമെത്തി—അവർ
വ്യഗ്രരായ് വാൎത്ത പരത്തി.

ക്ഷത്രിയഗേഹത്തിൽ ചെന്നു—കാൎയ്യ-
മത്രയുംകേൾപ്പിച്ചു നിന്നു

ചെട്ടിമാരെച്ചെന്നിളക്കി—വാൎത്ത
പട്ടണമെങ്ങും മുഴക്കി.

എന്തിനു വിസ്തരിക്കുന്നു—ജന-
മെന്തെന്നില്ലാതെയുഴന്നു.

പെട്ടെന്നമാത്യരറിഞ്ഞു-കഥ
കൊട്ടാരമെത്തിക്കഴിഞ്ഞു.

വാദമായ് മന്ത്രിസഭയിൽ—കാൎയ്യം
ഖേദമായ് മന്നവനുള്ളിൽ.

ധന്യൻ പ്രസേനജിത്തെന്നു—പുകഴ്
മന്നിലെഴും ബുദ്ധഭക്തൻ

കല്പിച്ചിതോൎത്തന്നൃപാലൻ—പിന്നെ
സ്വപ്രജാരഞ്ജനലോലൻ:—

Digitized By Kerala Sahitya Akademi

"സംഘാരാമത്തിൽ ഭഗവൽ—പദ-
പങ്കജത്തിൽതന്നെയെത്തി

ശങ്കയുണർത്താമതല്ലോ—ഉണ്ടോ
സങ്കടത്തിന്റെ നിവൃത്തി?

സർവ്വജ്ഞനല്ലോ ഭഗവാൻ—ധർമ്മം
നിർവ്വചിക്കേണ്ടതങ്ങല്ലോ."

പിന്നെത്തിരുവിഹാരത്തിൽ—ദ്രുത-
മന്നിശ്ചയം ചെന്നണഞ്ഞി;

വേഴ്ചയിൽ സമ്മതംവാങ്ങി—കൂടി-
ക്കാഴ്ചയ്ക്കെല്ലാരുമൊരുങ്ങി.

പിറേറന്നപരാഹ്നമായി—വിണ്ണു
പററിപ്പടിഞ്ഞാറുനിന്നു,

മന്നിൻമലിനമുഖത്തിൽ—നിത്യം
പൊന്നിൻപൊടി പൂശും ദേവൻ.

ദൂരെക്കിഴക്കേ നിരത്തിൽ—ഉടൻ
തേരൊലി കേട്ടുതുടങ്ങി;

മങ്ങും ദിനജ്വാലമേലേ—പൊടി
പൊങ്ങി വാനിൽ പുകപോലെ;

ഓരോവഴിയായ് ഞെരുങ്ങി—ജ്ജന-
മാരാമദ്വാരത്തിൽ തിങ്ങി;

ഉൽക്ഷിപ്തഖഡ്ഗം തിളങ്ങും—അംഗ-
രക്ഷകർ സാദിഭടന്മാർ

Digitized By Kerala Sahitya Akademi

തൽക്ഷണം വാതുക്കലെത്തി—മാഗ്-
വിക്ഷോഭം മെല്ലേയൊതുക്കി.

സംഘാരാമത്തിൽ വളന്ന—വൃക്ഷ-
സംഘത്തിൻ ഛായാഗണങ്ങൾ

എത്തുമതിഥിജനത്തെ—സ്വയം
പ്രത്യുദ്ഗമിക്കുന്നപോലെ.

ദൂർവ്വാഭിരാമച്ഛവിയിൽ—നീണ്ടു
പൂർവ്വമുഖങ്ങളായ് നിന്നു.

ഉള്ളിലത്തേനടയ്ക്കാവിൽ—കാററിൽ
തുള്ളും മരങ്ങൾനടുവിൽ

കോമളമായ് മേൽ കുറക്കേ—ചോതി
ചേമന്തിപ്പൂന്തോരണത്തെ

ചാലവേ ചാഞ്ഞെത്തഴമക്ക—രശ്മി-
മാല ബഹുലീകരിച്ചു.

ഒപ്പമായ്ത്തല്ലിമിനുക്കി—യെങ്ങും
നല്പനിനീരാൽ നനച്ചു,

പുഷ്പദലകൃതമാം മം—ഗല-
ശില്പമാർന്നോരാവഴിയേ

ആനന്ദഭിക്ഷുവുദാരൻ—ശിഷ്യ-
സാനുഗനായെതിരേൽപ്പാൻ

ചെന്നുടൻ വാതുക്കൽനിന്നു—ഘോഷ-
സ്യന്ദനവും വന്നണഞ്ഞു.

Digitized By Kerala Sahitya Akademi

അന്യോന്യമാചാരംചെയ്തു—പിന്നെ
മന്നവൻ തേർവിട്ടിറങ്ങി,

പുക്കിതു പുണ്യാരാമത്തിൽ —പൌര -
മുഖ്യസചിവസമേതൻ.

ജോഷംനടന്നു നരേന്ദ്രൻ—മിത -
ഭൂഷൻ മിതപരിവാരൻ.

പാടിനടന്നിതൊളിവിൽ—മാവിൻ -
വാടിയിൽ പൂങ്കുയിൽവൃന്ദം.

മഞ്ഞക്കിളി മിന്നൽപോലെ - - ഞാവൽ -
പഞ്ജങ്ങളുള്ളിൽ പറന്നു.

പാലമേൽ പാതികരേറി—അണ്ണാൻ
വാല്യത്തിത്തെല്ലിരുന്നു.

ക്രൂടക്രൂടെത്തിരുമേനി—തിരി -
ഞ്ഞോടിച്ചു കണ്ണിതിലെല്ലാം.

ഉള്ളിൽത്തെത്തമാതളത്തോപ്പിൽ —തൊട്ടു
വിള്ളും ഫലങ്ങളിൽനിന്നും

മാണിക്യഖണ്ഡങ്ങൾകൊത്തി—തിന്നൊ -
ട്ടീണംകലർന്ന ശുകങ്ങൾ

"ബുദ്ധം ശരണം ഗച്ഛാമി"—"ബുദ്ധ -
ധർമ്മം ശരണം ഗച്ഛാമി."

"സംഘം ശരണം ഗച്ഛാമി"—എന്ന
സങ്കേതം പാടിപ്പറന്നു.

Digitized By Kerala Sahitya Akademi

ഇമ്പംകലൎന്നുകേട്ടു—ഭക്തൻ
തമ്പുരാൻ രോമാഞ്ചമാൎന്നു

തൽക്ഷണമെല്ലാരുമെത്തീ—യങ്ങാ
സാക്ഷാൽ സുഗതനികേതം.

ഉള്ളറതൻ മറ മാററി—യെഴ-
ന്നള്ളി ഭഗവാൻ വെളിയിൽ

പൊൻമുകിൽച്ചാൎത്തുകൾനീക്കി—യുദി-
ച്ചുന്മുഖനാം രവിപോലെ.

വീണുവണങ്ങി നൃപാലൻ—മൌലി
മാണിക്യദീപിതശാലൻ.

ഒട്ടു ഭഗവാനുയൎത്തി—മഞ്ഞ-
പ്പട്ടാടതൂങ്ങും പൊൻകൈകൾ:

മിന്നി ക്ഷണം കൂറപാറി—നില്ക്കും
പൊന്നിൻകൊടിമരംപോലെ.

പിന്നെ വിചിത്രാസ്തരത്തിൽ—ദേവൻ
മന്നവൻതന്നെയിരുത്തി,

താനും വിരിപ്പിലിരുന്നാൻ—ശുദ്ധ-
മേനിയേറും പൂന്തളത്തിൽ,

മററജനങ്ങളും വന്നു—വന്ദി-
ച്ചുററതാംസ്ഥാനത്തിരുന്നു,

കോലായിലുമാസ്തൃതമായ്—വ്യാസ
മേലും തിരുമുററമെങ്ങും.

Digitized By Kerala Sahitya Akademi

ശാലതൻവാമപാശ്ചത്തിൽ—ഖ്യാതി-
ശാലും ശ്രമണിമാർ തങ്ങി;

ദക്ഷിണപാശ്ചത്തുപോൽ—പോന്ന
ഭിക്ഷുവര്യന്മാരിരുന്നു:

അന്തിപ്പാൻമേഘാംബരമാ—ന്നൊളി-
ചിന്നുന്ന താരങ്ങൾപോലെ

മദ്ധ്യത്തിൽ വീരാസനസ്ഥൻ പരി-
ബദ്ധാസ്യതേജോവലയൻ

ബുദ്ധൻതിരുവടിതന്നെ—നൃപ-
നാത്തരളാശയൻ നോക്കി.

സംഗതിതന്റെ ലഘുതചം—കൊണ്ടു
ഭംഗുരകണ്ഠനായ് മൌനം

കൈക്കൊള്ളുംഭൂപനെ നോക്കി-സചയ-
മകൃപാത്മാവരുൾചെയ്തു:—

"വത്സ മാതംഗിയെച്ചൊല്ലി—വിചി-
കിത്സയല്ലല്ലി വിഷയം?

എന്തുപറവൂ? എന്തോർപ്പൂ—ജാതി
ഹന്ത വിഡംബനം രാജൻ!

ക്രോധിച്ച ജന്തുപോരാട്ടം—സചന്ത-
നാദത്തിൻമാറെറാലിയോട്ടം.

വല്ലിതന്നഗ്രത്തിൽനിന്നോ—ദചിജൻ
ചൊല്ലുക മേഘത്തിൽനിന്നോ

Digitized By Kerala Sahitya Akademi

യാഗാഗ്നിപോലെ ശമിതൻ—ഖണ്ഡ
യോഗത്തിൽനിന്നോ ജനിപ്പൂ?

അജ്ജാതി രക്തത്തിലുണ്ടോ?—അസ്ഥി
മജ്ജ ഇതുകളിലുണ്ടോ?

ചണ്ഡാലിതൻമെയ് ദ്വിജന്റെ—ബീജ-
പിണ്ഡത്തിന്നൂഷരമാണോ?

പുണ്ഡ്റമോ പൂണനൂൽതാനോ—ശിഖാ-
ഷണ്ഡമോ ജന്മജമാണോ?

അക്ഷരബ്രഹ്മം ദ്വിജന്മാർ—സ്വയം
ശിക്ഷകൂടാതറിയുന്നോ?

എല്ലാകൃമികളുംപോലെ—ജനി-
ച്ചില്ലാതാം മാർത്ത്യരെയെല്ലാം

കല്യമാം കർമ്മനിയതി—കര-
പല്ലവംതാൻ ചെയ്കയല്ലേ

മുട്ടയായും, പുഴവായും,—നിറം
പെട്ട ചിറകുകളാന്നു

ചട്ടറ്റവിണ്ണിൽ പറന്നു—മലർ
മട്ടുണ്ണും പൂമ്പാറ്റയായും,

പോകുന്നിതു മാറിമാറി—പ്പല
പാകത്തിലേകബീജംതാൻ.

നാമ്പും കുരുമൊട്ടും വണ്ണം—പൂങ്ക
കൂമ്പും മലരും സുമംതാൻ

Digitized By Kerala Sahitya Akademi

നെല്ലിൻചുവട്ടിൽമുളയ്ക്കും—കാട്ടു-
പ്പുല്ലല്ല സാധുപുലയൻ;
ശങ്കവേണ്ടെന്നായ് പുലർന്നാൽ—അതും
പൊങ്കതിർപ്പൂണ്ടും ചെടിതാൻ.

സിദ്ധമതിന്നു ദൃഷ്ടാന്തം—അസ്സൽ
പുത്രിയീ മാതംഗിതന്നെ.

സത്യധർമ്മങ്ങൾക്കെതിരാം—ശാസ്ത്രം
ശുദ്ധിയായ്ക്കണ്ടു നൃപതേ!

അർത്ഥപ്രവചനം ചെയ്വൂ—മതിൽ
വൃത്തമുദരംഭരികൾ.

ഇന്നലെച്ചെയ്തോരബദ്ധം—മൂഢ-
ർക്കിന്നത്തെയാചാരമാവാം,

നാളത്തെശ്ശാസ്ത്രമതാവാം,—അതിൽ
മൂളായ്ക സമ്മതം രാജൻ!

എന്തിനെന്നുമെങ്ങോട്ടെന്നാം—സ്വപ്നം
ഹന്ത! വിവരമില്ലാതെ,

അന്ധവാരപ്രാന്തരത്തിൽ—കഷ്ടം
അന്ധരെയന്ധർ നയിപ്പൂ.

വൃക്ഷമായും ചെടിയായും—പരം
പക്ഷിയായും മൃഗമായും

ലക്ഷം ജന്മങ്ങൾ കഴിഞ്ഞാൽ ഞാ(ന്നാ)
പക്ഷേ മനുഷ്യനായെന്നാം.

Digitized By Kerala Sahitya Akademi

എന്നെത്തുടന്നേഴം നീണ്ട—ജന്മ-
പൊന്നോമൽച്ചങ്ങലതൻെറ

പിന്നിലെക്കണ്ണിയോരോന്നിൽ—പൊങ്ങി
മിന്നിയെന്നെത്തന്നെ കാൺമൂ,

ഓട്ടം മുയൽക്കുററനായും,—മരം
ചാടിയായും പാഞ്ഞിരകൾ

തേടും കരുമ്പുലിയാം,—വേട്ട-
യാടുന്ന വേടനായുംഞാൻ.

ജന്തുക്കളൊക്കെയീവണ്ണം—ശ്രീമൻ!
ഹന്ത! സഹജരെന്നല്ല,

ചിന്തിക്കിലൊന്നായ് വരുന്നു—പിന്നെ-
ന്തന്തരം മർത്ത്യക്ക തമ്മിൽ?

വ്യാമോഹമാൻറം സുഖത്തിൽ,—പര-
ക്ഷേമത്തിൽ വിപ്രിയമാൻറം

പാമരചിത്തം പുകഞ്ഞു—പൊങ്ങും
ധൂമാമാമീർഷ്യതാൻ 'ജാതി'

ഗവ്വമായും, ദ്വേഷമായും--പിന്നെ
സവ്വമനോരോഷമായും

ആയതു മാറുന്നു വണ്ണം--സ്വയം
സായന്തനാബ്ദംപോലെ.

സ്വന്തകുടുംബം പിരിക്കും-അതു
ബന്ധുക്കളെ വിഭജിക്കും,

Digitized By Kerala Sahitya Akademi

ഹന്ത! വർഗ്ഗങ്ങൾ തിരിക്കും—പക-
ച്ചന്ത്യമായ് ലോകം മുടിക്കും.

തന്നാശ്രിതരെയും ലോക—ത്തെയും
തിന്നും കരത്തോരിത്തീയേ

ആരാധിക്കായ്‌വിൻ അസൂയാ—മഹാ-
മാരിയെ—ജ്ജാതിയെ—ആരും!

ചൊല്ലുവൻ ജന്തുവെത്താഴ്ത്തും—ദോഷ-
മെല്ലാമിതിലടങ്ങുന്നു.

ഈ രാക്ഷസിയെജ്ജയിച്ചാൽ—ഘോര-
നാരകദ്വാരമടഞ്ഞു.

ഭോഗപരയായി, ജ്ജന്തു—രക്ത
രാഗയാമാ ഹിംസതന്നെ

പൂജ്യൻ നൃപൻ ബിംബിസാരൻ—തന്റെ
രാജ്യത്തിൽനിന്നകലിച്ചു

താണ സമസ്തസ്ത്രീർതന്നെ—നിജ-
ഭ്രൂണത്തിൽ കൊല്ലാതെ കൊന്നു

ജന്മം വിഫലമാക്കീടും—മഹാ-
കല്മഷകാരിണിയായി,

ചാതുര്യമായ് പലവണ്ണം—തേടും
ജാതിയാമീ ഹിംസതന്നെ

ഭൂതദയയെ നിനച്ചും—സ്വാന്ത-
നീതിയെയോർത്തും നൃപേന്ദ്രാ!

Digitized By Kerala Sahitya Akademi

നിഷ്കൃഷ്ടമാമാജ്ഞയാലെ—യക്ഷം
നിഷ്ഠാസിക്കിൽ ശുഭമായി.

ചെന്നതു ലോകക്ഷേമാത്ഥം—ചെയ്ക
എന്നല്ലിദ്ധമ്മാശ്രമത്തിൽ

എന്നുമീബാധ കടക്കാ—താക്ക-
കെന്നത്ഥിക്കുന്നു, യൂപത്തിൽ

ആട്ടിൻകിടാവിനെ മീളാൻ—ആത്മാ
നീട്ടിയ കണ്ഠം നൃപതേ!

മോഹം കളഞ്ഞു ജനത്തെ—തമ്മിൽ
സ്നേഹിപ്പാൻ ചൊല്ക നരേന്ദ്ര!;

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു;

സ്നേഹംതാൻ ശക്തി ജഗത്തിൽ—സ്വയം
സ്നേഹംതാനാനന്ദമാക്കും;

സ്നേഹംതാൻ ജീവിതം ശ്രീമൻ—സ്നേഹ-
വ്യാഹതിതന്നെ മരണം;

സ്നേഹം നരകത്തിൻദ്വീപിൽ—സ്വർ-
ഗേഹം പണിയും പടുത്വം.

അമ്മതൻ നെഞ്ചുഞരമ്പിൽ—തങ്ങി
ചെമ്മേ ചെഞ്ചോരയെത്താന്നെ

അമ്മിഞ്ഞത്തുവമൃതാക്കും—മൈത്രി
നമ്മോടതോതുന്നു രാജൻ!

Digitized By Kerala Sahitya Akademi

ചൊല്ലിനേനീർഷ്യയല്ലാതെ—മർത്ത്യ-
ക്കില്ലതാനില്ലതാൻ ജാതി."

മല്ലാട്ടവീണുവണങ്ങി—നൃപ-
നത്ഭുതഭക്തിവിവശൻ,

കല്പനപോലെയെന്നോതി—സ്ഫുടം
കൂപ്പിയ പാണിദ്വയത്താൽ.

ആനന്ദബാഷ്പം ചൊരിഞ്ഞു—സഭ-
യാനതമൌലിയായപ്പോൾ.

ലോലാശ്രു വീണു പൂർവ്വാംഗം—ആർദ്ര-
ചേലമായ് ഭിക്ഷുകീവൃന്ദം

ഓലും മഞ്ഞിൽ പൂനനഞ്ഞ—കൃത-
മാലവനം പോൽ വിളങ്ങി.

ചെമ്പൊൽക്കരാബ്ജങ്ങൾ പൊക്കി—ആശി-
സ്സമ്പിലരുളിയെല്ലാർക്കും,

ഉള്ളിലേക്കദ്രിവ്യുത്രപം—എഴ-
നള്ളി ഭുവനൈകദീപം.

ഉന്നതശാഖിമേൽനിന്നും—വെയിൽ-
പ്പൊന്നൊളി, യാഗതദേവർ

വിൺമേൽ മടങ്ങും കണക്കേ—പൊങ്ങി;
അമ്മഹായോഗം പിരിഞ്ഞു.

വാസന്തി കുന്ദ കുമുദ—മലർ
വാസനാചർച്ചിതമായി

Digitized By Kerala Sahitya Akademi

ഏങ്ങുമൊരു ശാന്തി വീശി—ലോകം
മുങ്ങി നിർവ്വാണത്തിൽ താനേ.

ഏന്തിനിന്നു ഭാരതത്തി—ലൊരു
പഞ്ചശതാബ്ദമശ്ശാന്തി.

ശുഭം

O-,1M73,21
J8
4535

Digitized By Kerala Sahitya Akademi

# ശാരദാ ബുക്കുഡിപ്പോ

## വക പ്രസിദ്ധീകരണങ്ങൾ

---

### എൻ. കുമാരൻ ആശാൻ അവർകളുടെ കൃതികൾ

| | | രൂ. | ന. പൈ. |
|---|---|---|---|
| പദ്യകൃതികൾ | 1-ാംഭാഗം | 6 | 50 |
| | 2-ാംഭാഗം | 6 | 0 |
| | 3-ാംഭാഗം | 4 | 50 |
| പദ്യം:—നളിനി (നോട്ടോടുകൂടിയതു്) | | 1 | 0 |
| ലീല | | 1 | 0 |
| രണ്ടു ഖണ്ഡകൃതികൾ (വീണപൂവു തുടങ്ങിയതു്) | | 0 | 40 |
| ശ്രീബുദ്ധചരിതം കിളിപ്പാട്ടു്:— | | | |
| ഒന്നും രണ്ടും കാണ്ഡങ്ങൾ | | 1 | 0 |
| മൂന്നും നാലും കാണ്ഡങ്ങൾ | | 1 | 0 |
| അഞ്ചാംകാണ്ഡം | | 0 | 50 |
| അഞ്ചുകാണ്ഡങ്ങളും കൂടിയതു് | | 3 | 0 |
| കുയിൽ | | 0 | 20 |
| പ്രരോദനം | | 1 | 0 |
| ചിന്താവിഷ്ടയായ സീത | | 1 | 0 |
| ബാലരാമായണം ബാലകാണ്ഡം | | 0 | 35 |
| ടി | അയോദ്ധ്യാകാണ്ഡം | 0 | 35 |
| ടി | ആരണ്യകാണ്ഡം | 0 | 40 |
| | മൂന്നു് കാണ്ഡങ്ങളും കൂടിയതു് | 1 | 50 |
| പുഷ്പവാടി | | 0 | 50 |
| ദുരവസ്ഥ | | 0 | 75 |
| ചണ്ഡാലഭിക്ഷുകി | | 0 | 75 |
| കരുണ | | 0 | 60 |

Digitized By Kerala Sahitya Akademi

| | രൂ. | ന. പൈ |
|---|---|---|
| മണിമാല | 0 | 50 |
| വനമാല | 1 | 0 |
| സുഗതപ്രസ്ഥാനം | 0 | 60 |
| നവമാലിക | 0 | 50 |
| സൌന്ദര്യലഹരി (ഭാഷ) | 0 | 50 |
| വിചിത്രവിജയം | 1 | 50 |
| പ്രബോധചന്ദ്രോദയം ഭാഷാനാടകം | 1 | 50 |
| സ്തോത്രകൃതികൾ (നോട്ടോടുകൂടിയതു്) | 1 | 25 |
| ഗദ്യം:—രാജയോഗം സമ്പൂർണ്ണം | 3 | 0 |
| മൈത്രേയി | 0 | 50 |
| മനശ്ശക്തി | 0 | 50 |
| നിരൂപണങ്ങൾ | 0 | 50 |
| മതപരിവർത്തനരസവാദം | 0 | 25 |
| ദൈവികമായ പ്രതികാരം | 0 | 60 |

## ഇതരകൃതികൾ

| | | |
|---|---|---|
| ശ്രീ. കെ. അയ്യപ്പന്റെ പദ്യകൃതികൾ | 2 | 0 |
| വസുമതി (മൂർക്കോത്തു കുമാരൻ എഴുതിയ രസകരമായ ഒരു നോവൽ) | 1 | 50 |
| ആശാൻ സ്മാരകം (എൻ. ഗോപാലപിള്ള, ഏ. ബാലകൃഷ്ണപിള്ള, മുണ്ടശ്ശേരി, മാരാരു്, കുമാരപിള്ള, അപ്പൻ, നാലാങ്കൽ മുതലായവരുടെ ലേഖനങ്ങൾ) | 2 | 0 |
| കുമാരനാശാൻ—ചില സ്മരണകൾ (കെ. സദാശിവൻ B. A.) | 1 | 0 |

**മാനേജർ,—ശാരദാ ബുക്കുഡിപ്പോ,**

**P. O. തോന്നയ്ക്കൽ S. കേരളം**

**N. B.** രണ്ടു രൂപായിൽ കുറഞ്ഞ തുകയ്ക്കു് വി. പി. അയയ്ക്കുന്നതല്ല. പുസ്തകവിലയും, തപാൽ ചിലവും മണിയാർഡർ അയച്ചാൽ പുസ്തകം ബുക്കുപോസ്റ്റായി അയയ്ക്കുന്നതാണു്.

Digitized By Kerala Sahitya Akademi

# ആശാൻെറ പദ്യകൃതികൾ

മഹാകവി കുമാരനാശാൻെറ പദ്യകൃതികൾ
ഒന്നിച്ചുചേർത്തു് മൂന്നു ഭാഗങ്ങളായി
പ്രസിദ്ധപ്പെടുത്തിയതു്.

നളിനി, ലീല, ഖണ്ഡകൃതികൾ, ശ്രീബുദ്ധചരിതം, കയിൽ, പ്രരോദനം, സീത ഇവ ഉൾപ്പെട്ട ഒന്നാംഭാഗത്തിനു്
വില 6 രൂ. 50 ന. പൈ.

ബാലരാമായണം, പുഷ്പവാടി, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, മണിമാല, വനമാല, സൗന്ദര്യലഹരി ഇത്രയും ഉൾപ്പെട്ട രണ്ടാം ഭാഗത്തിനു് വില രൂ. 6

വിചിത്രവിജയം, പ്രബോധചന്ദ്രോദയം, സ്തോത്രകൃതികൾ ഇവ അടങ്ങിയ മൂന്നാംഭാഗം വില 4 രൂ. 50 ന. പൈ.


മാനേജർ, ശാരദാ ബുക്കുഡിപ്പോ, തോന്നയ്ക്കൽ

THE SARADA BOOK DEPOT,

THONNAKAL P. O. TRIVANDRUM

S. KERALA

---

പുസ്തകവ്യാപാരികൾക്കും ഗ്രന്ഥശാലകൾക്കും ആകർഷണീയമായ കമ്മീഷൻ അനുവദിക്കുന്നതാണു്. 100 രൂപായിൽ കൂടിയ തുകയ്ക്കു് പുസ്തകം വാങ്ങുന്നവർക്കു് ഞങ്ങളുടെ ചിലവിൽ (ഇൻഡ്യയ്ക്കുള്ളിൽ) പുസ്തകം എത്തിച്ചുകൊടുക്കുന്നതാണു്.


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi